


# വിക്കിമീഡിയയിൽ ചിത്രങ്ങൾ പങ്കുവയ്ക്കാം




ഹരീഷ് എൻ നമ്പൂതിരി
വിഷ്വൽ ഡിസൈൻ കൺസൾട്ടന്റ്,
ന്യൂവെൻ മീഡിയ


മൊബൈൽ / കോംപാക്ട് ക്യാമറകളുടെ പ്രചാരത്തോടെ ചിത്രമെടുക്കുക എന്നത് ഏവർക്കും പ്രാപ്യമായ ഒന്നായി ഇന്ന് മാറിയിരിക്കുന്നു. എന്നാൽ ചിത്രങ്ങളെടുത്ത് അവ നമ്മുടെ തന്നെ കംപ്യൂട്ടറിൽ / മൊബൈൽ ഫോണിൽ സൂക്ഷിക്കുക അല്ലെങ്കിൽ ഫേസ്ബുക്കിലോ ഗൂഗിൾ പ്ലസ്സിലോ സുഹൃത്തുക്കളുമായി പങ്കുവയ്ക്കുക എന്നതിനപ്പുറം ഒരു ഉപയോഗമൊന്നും ആരും ചിന്തിക്കാറില്ല. ചിത്രങ്ങൾ കൂടുതൽ പേരിലെത്തുക അല്ലെങ്കിൽ മറ്റ് തരത്തിൽ പ്രയോജനപ്പെടുത്തുക എന്നീ കാര്യങ്ങൾ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ചെയ്യുക എന്നത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അത്ര എളുപ്പമുള്ള കാര്യവുമല്ല. ഇവിടെയാണ് വിക്കിമീഡിയ കോമൺസിന്റെ പ്രസക്തി.

എന്താണ് വിക്കിമീഡിയ കോമൺസ് ? വിക്കിപീഡിയ എന്ന സ്വതന്ത്ര വിജ്ഞാനകോശം ഇന്ന് ഏറെ ജനപ്രിയമായിട്ടുണ്ട്. വിക്കിപീഡിയയെ ദിവസത്തിൽ ഒരു തവണയെങ്കിലും ആശ്രയിക്കാത്ത ഇന്റർനെറ്റ് ഉപയോക്താക്കളും വിരളമായിരിക്കും. വിക്കിപീഡിയ പേജുകളിൽ ദൃശ്യമാവുന്ന ചിത്രങ്ങൾ, ശബ്ദലിഖിതങ്ങൾ, വീഡിയോകൾ തുടങ്ങിയവയൊക്കെ ശേഖരിക്കപ്പെടുന്ന ഒരു പൊതുവിടമാണ് വിക്കിമീഡിയ കോമൺസ് എന്ന് പറയാം. ഇതര വിക്കി സംരംഭങ്ങൾക്കും അതുപോലെ സ്വതന്ത്ര മീഡിയ ഉപയോഗിക്കുവാൻ സാധിക്കുന്ന മറ്റിടങ്ങളിലും ഈ ഫയലുകൾ ഉപയോഗിക്കുവാനുള്ള അവസരമാണ് ഇതുവഴി ഉണ്ടാവുന്നത്. ഒരു ഫയൽ തന്നെ ഓരോ സംരഭത്തിലും പ്രത്യേകം ചേർക്കേണ്ടി വരുന്നില്ല ഈ രീതിയിലാവുമ്പോൾ. ചിത്രങ്ങൾ മാത്രമല്ല വിക്കിമീഡിയയിൽ ചേർക്കുവാൻ സാധിക്കുക, പക്ഷേ ചിത്രങ്ങൾ തന്നെയാണ് മീഡിയ ഫയലുകളിൽ പ്രാധാന്യം നേടുന്നത്. ഒരു ചിത്രം എപ്രകാരമാണ് നമുക്ക് വിക്കിമീഡിയയിൽ ചേർക്കാൻ കഴിയുകയെന്ന് തുടർന്ന് കാണാം.

വിക്കിമീഡിയ കോമൺസിലേയ്ക്ക് ചിത്രങ്ങൾ ചേർക്കുവാനായി ഒരുപയോക്താവായി രജിസ്റ്റർ ചെയ്യുകയാണ് ആദ്യ പടി. ഹോംപേജിൽ (http://commons.wikimedia.org/)




*ചിത്രം 1: വിക്കിമീഡിയ അക്കൗണ്ട് ആരംഭിക്കുവാനുള്ള വെബ് ഫോം*

എത്തിയതിന് ശേഷം വലത് മുകൾ ഭാഗത്തായി കാണുന്ന Create Account ലിങ്കിലൂടെ യൂസർ അക്കൗണ്ട് തുറക്കുവാനുള്ള പേജിലെത്താം. (ചിത്രം 1). ഇവിടെ ചുരുക്കം ചില വിവരങ്ങൾ നൽകി പുതിയൊരു അക്കൗണ്ട് തുറക്കാവുന്നതാണ്. ഇ-മെയിൽ പരിശോധനയ്ക്ക് ശേഷം അക്കൗണ്ട് പ്രവർത്തനക്ഷമമാവും. തുടർന്ന് Log in ലിങ്കിലൂടെ വിക്കിമീഡിയയിൽ പ്രവേശിച്ച് ആമുഖത്താളിലെത്താം.

ഇടതുവശം ലഭ്യമായ ലിങ്കുകളിൽ Participate > Upload file എന്നതിൽ ക്ലിക്ക് ചെയ്ത് Upload Wizard പേജിലെത്തുക. ഇവിടെ 'Select media files to share' എന്ന ബട്ടണിൽ അമർത്തി കോമൺസിലേയ്ക്ക് ചേർക്കേണ്ട ചിത്രങ്ങൾ തിരഞ്ഞെടുക്കുക. ഒന്നോ അതിലധികമോ ചിത്രങ്ങൾ ഒരുസമയം തിരഞ്ഞെടുക്കാം. തുടർന്ന് ചിത്രങ്ങൾ കോമൺസിലേയ്ക്ക് അപ്ലോഡ് ചെയ്യപ്പെടും. തുടർന്ന് ലഭിക്കുന്ന പേജാണ് ചിത്രം 3-ൽ കാണുന്നത്. എല്ലാ ചിത്രങ്ങളും ചേർത്ത് കഴിഞ്ഞാൽ Continue അമർത്തി അടുത്ത പേജിലേയ്ക്ക് പോവുക.




*ചിത്രം 2: ഇടതുവശം ലഭ്യമായ ലിങ്കുകളിൽ Participate > Upload file ക്ലിക്ക് ചെയ്യുക*

വിതരണ അവകാശം നൽകുന്ന ടാബിലാണ് തുടർന്ന് നാമെത്തുക. ചേർക്കപ്പെട്ട ചിത്രം / ചിത്രങ്ങൾ സ്വന്തം സൃഷ്ടി തന്നെയെന്നും ഇത് പങ്കുവയ്ക്കുവാനുള്ള അവകാശം നമുക്കുണ്ട് എന്നും ഉറപ്പ് വരുത്തുകയാണിവിടെ. Creative Commons Attribution ShareAlike 3.0 ലൈസൻസിലാണ് ചിത്രം 4-ൽ കാണുന്നത് പ്രകാരം ചിത്രം പങ്കുവയ്ക്കപ്പെടുക. ഇതരലൈസൻസുകൾ തിരഞ്ഞെടുക്കുവാനും, പങ്കുവച്ച ചിത്രം സ്വന്തം ചിത്രമല്ലെങ്കിൽ എങ്ങനെ മുന്നോട്ട് പോവാം എന്ന് നിശ്ചയിക്കുവാനുമുള്ള സാധ്യതകളും ഇവിടെ ലഭ്യമാണ്. ഇവിടെ ചേർത്ത ചിത്രത്തിന് / ചിത്രങ്ങൾക്ക് യുക്തമായ വിവരണങ്ങൾ നൽകുവാനുള്ള Describe പേജിലാണ് തുടർന്ന് നാമെത്തുക. അനുയോജ്യമായ ഒരു തലക്കെട്ട്, അറിയാവുന്ന ഭാഷകളിൽ ചിത്രത്തിന്റെ വിവരണം എന്നിവയൊക്കെ ഇവിടെ ചേർക്കുക. ഏതൊക്കെ വിഭാഗങ്ങളിലാണ് പ്രസ്തുത ചിത്രം ഉൾപ്പെടുത്താവുന്നത് എന്നും നിങ്ങൾ കരുതുന്ന വിഭാഗങ്ങളും




*ചിത്രം 4: സ്വന്തം ചിത്രങ്ങൾ മാത്രമേ ഇവിടെ ഈ രീതിയിൽ പങ്കുവയ്ക്കുവാൻ പാടുള്ളൂ*




*ചിത്രം 3: പത്മഭൂഷൺ കലാമണ്ഡലം രാമൻകുട്ടി നായരുടെ പ്രശസ്തമായ ലവണാസുരവധം കഥകളിയിലെ ഹനുമാന്റെ വേഷമാണ് ഇവിടെ ചേർക്കുവാനായി നൽകിയിരിക്കുന്നത്*




*ചിത്രം 5: വിവരങ്ങൾ ചേർത്തുകഴിഞ്ഞാൽ Next അമർത്തി Use എന്ന പേജിലേയ്ക്ക് പോവുക*

പ്രതിപാദിക്കുക. മറ്റുള്ളവർക്ക് ലേഖനങ്ങളിൽ ഉപയോഗിക്കുവാനായി ചിത്രങ്ങൾ തിരയുമ്പോൾ എളുപ്പത്തിൽ ലഭ്യമാക്കുവാനാണ് ഇപ്രകാരം ചെയ്യുന്നത്.

Next അമർത്തുമ്പോൾ ലഭിക്കുന്ന Use എന്ന പേജിൽ നിന്നും ചിത്രത്തിന്റെ വിക്കി പേജുകളിൽ ഉപയോഗിക്കുവാനുള്ള ലിങ്കും, ഇതര വെബ്സൈറ്റുകളിൽ ചേർക്കുവാനുള്ള ലിങ്കും ലഭിക്കും. തുടർന്ന് അനുബന്ധ വിക്കി താളിലെത്തി ഈ ചിത്രം അവിടെ ചേർക്കുകകൂടി ചെയ്യാവുന്നതാണ്.

## മലയാളം വിക്കിമീഡിയയെ സ്നേഹിക്കുന്നു




മലയാളം വിക്കിപീഡിയയിലും ഇതര വിക്കിമീഡിയ സംരംഭങ്ങളിലും ഉപയോഗിക്കുവാനായി വൈജ്ഞാനിക സ്വഭാവമുള്ള ചിത്രങ്ങൾ സംഭാവന ചെയ്യുവാൻ മലയാളം വിക്കിമീഡിയരെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ബഹുജനപങ്കാളിത്തത്തോടെ നടത്തുന്ന ഒരു വിക്കിപദ്ധതിയാണ് മലയാളം വിക്കിമീഡിയയെ സ്നേഹിക്കുന്നു. 2013-ലെ പതിപ്പ് ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെയാണ് നിശ്ചയിച്ചിട്ടുള്ളത്. വൈജ്ഞാനിക സ്വഭാവമുള്ള കൂടുതൽ സ്വതന്ത്ര ചിത്രങ്ങളും ഇതര മീഡിയകളും വിക്കിമീഡിയയിലേയ്ക്ക് എത്തിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ പ്രാഥമിക ലക്ഷ്യം. വിക്കിമീഡിയ ഫൗണ്ടേഷന്റെ സ്വതന്ത്ര വിജ്ഞാനത്തെ പിന്തുണയ്ക്കുന്ന ആർക്കും ഈയൊരു സംരംഭത്തിൽ ചിത്രങ്ങൾ / ഇതര മീഡിയകൾ എന്നിവ ചേർത്തുകൊണ്ട് പങ്കാളിയാവാം. നിങ്ങൾ ഇതുവരെ വിക്കിമീഡിയയിൽ ചിത്രം ചേർത്തിട്ടില്ലെങ്കിൽ ചേർത്ത് തുടങ്ങുവാൻ ഇതുതന്നെയല്ലേ മികച്ച അവസരം ? (കൂട്ടത്തിൽ പറയട്ടെ, ഈ സമയത്ത് മാത്രമല്ല, ഏത് കാലത്തും ചിത്രങ്ങൾ ചേർക്കുവാൻ സാധിക്കും.)

വിക്കിമീഡിയയിലേയ്ക്ക് ചിത്രങ്ങൾ ചേർക്കുമ്പോൾ ഇനി പറയുന്ന കാര്യങ്ങൾ കൂടി എപ്പോഴും ഓർമ്മയിലിരിക്കട്ടെ.

- ഒരു വ്യക്തി സ്വന്തമായി പകർത്തിയ ചിത്രങ്ങൾ അതുപോലെ നിർമ്മിച്ച മീഡിയ ഫയലുകൾ എന്നിവ മാത്രമേ വിക്കിമീഡിയയിലൂടെ പങ്കുവയ്ക്കുവാൻ പാടുള്ളൂ.
- മറ്റ് വ്യക്തികളുടെ സൃഷ്ടികൾ അല്ലെങ്കിൽ അവയിൽ അധിഷ്ഠിതമായി നിർമ്മിച്ച സൃഷ്ടികൾ എന്നിവ വിക്കിമീഡിയയിൽ സ്വീകാര്യമല്ല.
- ഇവിടെ ഒരു അപവാദമുള്ളത്, ഉപയോഗിക്കുവാനും പകർത്തുവാനും മാറ്റം വരുത്തുവാനും വിൽക്കുവാനുമുള്ള അവകാശം യഥാർത്ഥ ഉടമയിൽ നിന്നും നേടിയിട്ടുണ്ടെങ്കിൽ മറ്റൊരാൾക്ക് പ്രസ്തുത സൃഷ്ടി വിക്കിമീഡിയയിൽ ചേർക്കാവുന്നതാണ്.
- മറ്റൊന്നുള്ളത്, പഴയ കലാസൃഷ്ടികൾ, പ്രതിമകൾ, കെട്ടിടങ്ങൾ (സാധാരണ ഗതിയിൽ 150 വർഷം പഴക്കമുള്ളവ) എന്നിവയുടെ ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യുമ്പോഴും രണ്ടാമത് പറഞ്ഞ നിബന്ധന പാലിക്കേണ്ടതില്ല.
- ഒരുകാര്യം ഓർമ്മയിരിക്കട്ടെ; വിക്കിമീഡിയയിൽ പങ്കുവയ്ക്കപ്പെടുന്ന ചിത്രങ്ങൾ ഏതൊരാൾക്കും ഉടമയുടെ (അപ്‌ലോഡ് ചെയ്തയാളുടെ) അറിവോ സമ്മതമോ കൂടാതെ തന്നെ ഉപയോഗിക്കുവാനും പകർത്തുവാനും മാറ്റം വരുത്തുവാനും വിൽക്കുവാനും സാധിക്കുന്നതാണ്.




ഈ സംരംഭത്തെക്കുറിച്ച് കൂടുതലായി അറിയുവാൻ ഈ പേജ് സന്ദർശിക്കുക : http://ml.wikipedia.org/wiki/ ●